**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.690** **29.10.2019-ൽ മറുപടിക്ക്**

**മരവട്ടത്ത് 110 കെ വി സബ് സ്റ്റേഷൻ**

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കാടാമ്പുഴ, പുത്തനത്താണി, എടയൂർ, വളാഞ്ചേരി തുടങ്ങിയ പ്രദേശങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ മരവട്ടത്ത് 110 കെ വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച നിലവിലുള്ള പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; | (എ) | കാടാമ്പുഴയ്ക്കടുത്ത് മരവട്ടം എന്ന സ്ഥലത്ത് പുതിയ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നടപടികൾ കെഎസ്ഇബി കൈക്കൊണ്ടു വരുന്നു. |
| (ബി) | മലപ്പുറം ട്രാൻസ്മിഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സാധ്യതാപഠനം നടത്തിയ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ച് പദ്ധതി പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രൊപ്പോസൽ അനുസരിച്ച് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഉണ്ടാക്കുകയും അതിന് DPR കമ്മറ്റിയുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് ചെലവാകുന്ന തുക എത്രയെന്നും പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയ്ക്ക് 1980 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ